LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ നിന്നും സ്വകാര്യ മെഡിക്കൽ കോളേജുകളിലേക്ക് ഡെപ്യൂട്ടേഷൻ അവസാനിപ്പിക്കാൻ നടപടി

152 [1730] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:

,, എ. പി. അനിൽകുമാർ:

,, വി. ഡി. സതീശൻ:

,, എൻ. ശക്തൻ:

,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ നിന്നും അദ്ധ്യാപകരെ സ്വകാര്യ മെഡിക്കൽ കോളേജുകളിലേക്ക് ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ അയയ്ക്കുന്നുണ്ടോ;

(ബി) എന്തെല്ലാം വ്യവസ്ഥയിലാണ് ഇതനുവദിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) കഴിവും പ്രവർത്തനശേഷിയും കൂടുതലുള്ള ഗവൺമെന്റ് മെഡിക്കൽ കോളേജ് അദ്ധ്യാപകരെ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ നിയമിക്കുന്നതുമൂലം ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ പ്രവർത്തനത്തിന്റെ നിലവാരം കുറയാനിടയാകുന്നുണ്ടോ;

(ഡി) ഇതുവരെ എത്ര പേരെ ഈ വിധത്തിൽ ഡെപ്യൂട്ടേഷനിൽ അയച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി—ഡി) (എ)-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പുതുതായി ആരംഭിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ

153 [1732] ശ്രീ. എ. എൻ. രാജൻ ബാബു:

,, ഷിബു ബേബിജോൺ:

,, കെ. കെ. ഷാജു:

,, ഉമേഷ് ചള്ളിയിൽ:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ എത്രയെന്ന് വിശദമാക്കുമോ;